**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2887** **06.11.2019-ൽ മറുപടിക്ക്**

## തൊഴിലിടങ്ങളിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ

**ചോദ്യം**

ശ്രീ.വി. അബ്ദുറഹിമാൻ :

(എ) തൊഴിലിടങ്ങളിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ സംബന്ധിച്ച് വകുപ്പ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) തൊഴിലിടങ്ങളിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്; വിശദവിവരം ലഭ്യമാക്കുമോ;

**മറുപടി**

ശ്രീ. ടി. പി. രാമകൃഷ്ണൻ
തൊഴിലും എക് സൈസും വകുപ്പ് മന്ത്രി

(എ) യും (ബി) യും തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം നടത്തുന്ന പരിശോധനകളിൽ തൊഴിലിടങ്ങളിലെ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുകയും നിയമഭേദഗതിയിലൂടെ പ്രശ്നപരിഹാരത്തിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

2018 ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ഭേദഗതി നിയമം വകുപ്പ് 21 (ബി) പ്രകാരം തൊഴിലാളികൾക്ക് ജോലി സ്ഥലത്ത് ഇരിക്കുന്നതിനുള്ള ഇരിപ്പിട സൗകര്യം തൊഴിലുടമ ഏർപ്പെടുത്തി നൽകണമെന്ന് വ്യവസ്ഥ ചെയ്യുന്നു. ടി നിയമ പ്രകാരം തൊഴിലുടമയ്ക്ക് സ്ത്രീ തൊഴിലാളികളെ രാത്രി 9 മണിക്കും രാവിലെ 6.00 മണിക്കും ഇടയിലുള്ള സമയത്ത് അവരുടെ സമ്മതത്തോടു കൂടി ജോലിക്ക് നിയോഗിക്കാവുന്നതാണ്. അപ്രകാരം ജോലി ചെയ്യിക്കുന്ന പക്ഷം 5 ജീവനക്കാരെങ്കിലും ഉള്ള ഗ്രൂപ്പായും ആയതിൽ കുറഞ്ഞത് 2 സ്ത്രീകളെങ്കിലും ഉണ്ടായിരിക്കേണ്ടതുമാണ്. ജോലി സ്ഥലത്തു നിന്നും താമസസ്ഥലം വരെയുള്ള യാത്രാ സൗകര്യം തൊഴിലുടമ ഉറപ്പുവരുത്തേണ്ടതുമാണ്.

| | | | |
|---|---|---|---|
| (സി) | സ്ത്രീ തൊഴിലാളികളുടെ സംഘടിത മേഖലയിലെയും, അസംഘടിത മേഖലയിലേയും ക്ഷേമത്തിനായി പുതുതായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കുമോ? | (സി) | അസംഘടിത മേഖലയിൽ തൊഴിലെടുക്കുന്ന സ്ത്രീ തൊഴിലാളികളുടെ ക്ഷേമത്തിനായി കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. കൂടാതെ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ (അൺ എയിഡഡ്) അദ്ധ്യാപികമാരുൾപ്പടെയുള്ള ജീവനക്കാരെ മെറ്റേണിറ്റി ബെനിഫിറ്റ് നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. സംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികളുടെ ക്ഷേമത്തിനായി പ്രത്യേക പദ്ധതികൾക്ക് തൊഴിൽ വകുപ്പ് രൂപം നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ.